**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080
**ഇ-മെയിൽ :** dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:ആരോഗ്യവകുപ്പ് –ജീവനക്കാര്യം – കോവിഡ്–19 – അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിന്റെ ഭാഗമായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -I തസ്തികയിൽ അഡ്–ഹോക്ക് നിയമനം നടത്തുന്നതിന് അനുമതിനൽകി ഉത്തരവാകുന്നു.

പരാമർശം: 1. ഉത്തരവ് നം.എഫ്.ഡബ്ലിയു.എ 4 – 27368/2020/ആ.വ.ഡ. തീയതി: 04/05/2020 & 21/08/2020

**ഉത്തരവ് നം.എഫ്.ഡബ്ലിയു.എ 4 – 27368/2020/ ആ.വ.ഡ. തീയതി: 07/06/2020**

മേൽ പരാമർശം ഉത്തരവുകളനുസരിച്ച് കോവിഡ്–19 രോഗബാധയെ തുടർന്നുണ്ടായിരിക്കുന്ന അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിലേക്കായി സംസ്ഥാനത്ത് JPHN Gr.II തസ്തികയിൽ പി.എസ്.സി.റാങ്ക് പട്ടികകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ആവശ്യമുള്ള ജില്ലകളിൽ JPHN Gr.II തസ്തികളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അഡ്–ഹോക്ക് വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതിനൽകിയിരുന്നു. എന്നാൽ ചില ജില്ലകളിൽ JPHN Gr.I തസ്തികയിൽ ഒഴിവുകൾ ഉള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർമാർ അറിയിച്ചിരിക്കുന്നു. JPHN Gr.I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് സീനിയോരിറ്റി സംബന്ധിച്ച വിഷയത്തിൽ ചില കോടതി വ്യവഹാരങ്ങൾ ഉൾപ്പെടെ നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റ നടപടികളിൽ കാലതാമസ്സം നേരിടുന്നു.

മേൽ സാഹചര്യത്തിൽ കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന തീയതി 11.02.2021 Annexure – category (V) അനുശാസിക്കുന്ന പ്രകാരം പരമാവധി ദിവവേതനം 850/– രൂപ (പരമാവധി മാസവേതനം 22950/– രൂപ) വ്യവസ്ഥയിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അഡ്–ഹോക്ക് വ്യവസ്ഥയിൽ പരമാവധി 179 ദിവസം അല്ലെങ്കിൽ JPHN Gr.I തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടപടികൾ പൂർത്തിയാകുന്നതുവരെ ഏതാണോ ആദ്യം അതുവരേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ഡോ. രമേശ് ആർ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താക്കൾ – ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ആലപ്പുഴ/ കോട്ടയം/ഇടുക്കി/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ/ കാസർഗോഡ്

പകർപ്പ്
1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
3. ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്